പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6484 09.07.2014-ൽ മറുപടിയ്ക്ക്

വോൾട്ടേജ് ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| സംസ്ഥാനത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ? | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ വിഭാഗത്തിനു കീഴിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളിൽപ്പെടുത്തി 5741 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 3717 കി.മീ.11 കെ.വി.ലൈൻ പുതുതായി നിർമ്മിക്കുകയും 6135 കി.മീ. സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം ലക്ഷ്യമിട്ട് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനു വേണ്ടി സാങ്കേതിക സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുവാനും നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മിഷൻ 676 ൽ ഉൾപ്പെടുത്തി 39 സബ്സ്റ്റേഷനുകളും അനുബന്ധലൈനുകളും നിർമ്മിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.